(ഇ) എൻട്രൻസ് പരീക്ഷാ നടത്തിപ്പും നിയമനവും സംബന്ധിച്ച നടപടിക്രമങ്ങൾ കുറ്റമറ്റതാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പ്രവേശന പരീക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൻകീഴിൽ ടി ഓഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റുമാർക്കാണ് പ്രവേശന പരീക്ഷാ നടത്തിപ്പിന്റെ ചുമതല. ജില്ലാ കേന്ദ്രങ്ങളിൽ വച്ചുനടത്തുന്ന പ്രസ്തുത പരീക്ഷകളുടെ നടത്തിപ്പിന്റെ ചുമതല കമ്മീഷണർ നിയമിക്കുന്ന ലെയ്സൺ ഓഫീസർക്ക് ആയിരിക്കും. പരീക്ഷാ നടത്തിപ്പിന്റെ രീതി സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങൾ ഓഫീസിൽനിന്നും നൽകുകയും അതനുസരിച്ചുതന്നെയാണോ പരീക്ഷ നടത്തിയിട്ടുള്ളത് എന്ന് നിരീക്ഷിച്ച് മനസ്സിലാക്കുകയും ചെയ്യുന്നു. ഓരോ പരീക്ഷാ കേന്ദ്രത്തിലും പരീക്ഷയുടെ ചുമതല വഹിക്കുന്നതിനായി കമ്മീഷണറുടെ ഒരു പ്രതിനിധിയേയും നിയമിക്കുന്നു. കേന്ദ്രത്തിന്റെ നിയന്ത്രണം സ്കൂൾ പ്രിൻസിപ്പലിനായിരിക്കും. പ്രതിനിധിയും പ്രിൻസിപ്പലും കൂടി ചേർന്ന് അസിസ്റ്റന്റുമാരുടെ സഹായത്തോടെ വ്യക്തമായ നിർദ്ദേശങ്ങൾക്കനുസൃതമായി പരീക്ഷകൾ നടത്തുന്നു.

(ബി) മെഡിക്കൽ/അഗ്രികൾച്ചറൽ

തുടങ്ങിയ വിഷയങ്ങൾ	-	1599 സീറ്റുകൾ
എഞ്ചിനീയറിംഗ് കോഴ്സുകൾ	-	5372 സീറ്റുകൾ

(സി)&(ഡി) ചോദ്യപേപ്പറുകളിൽ ചില തെറ്റുകൾ കടന്നുകൂടിയിട്ടുണ്ടായിരുന്നു.

(ഇ) ഇക്കാര്യത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 22.11.99-ലെ (എം.എസ്.) നം. 153/99/ഉ.വി.വ.ന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

78 (1296) ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററുകൾ

ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററുകളായി സംസ്ഥാന വ്യാപകമായി എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്; എവിടെയെല്ലാം; ഓരോ സ്ഥാപനത്തിലെയും മൊത്തം ജീവനക്കാർ എത്ര;

(ബി) കഴിഞ്ഞ 3 മാസത്തിനിടയിൽ ഇത്തരം സ്ഥാപനങ്ങളിൽ എവിടെയെങ്കിലും പുതിയ നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ ആരെയെല്ലാം; എവിടെയെല്ലാം; എത്ര രൂപ ശമ്പളത്തിൽ;

(സി) പി.എസ്.സി. സെലക്ഷൻ, നേരിട്ടുള്ള നിയമനം, ഡെപ്യൂട്ടേഷൻ എന്നീ നിലകളിൽ സംസ്ഥാനത്തെ സെന്ററുകളിലെ ജീവനക്കാരുടെ വിശദവിവരം വെളിപ്പെടുത്തുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന് സംസ്ഥാനത്തൊട്ടാകെയായി ഇപ്പോൾ 17 സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. അവയുടെ പേരും ജീവനക്കാരുടെ എണ്ണവും ചുവടെ ചേർക്കുന്നു.

1.	ഹെഡ്ഓഫീസ്, തിരുവനന്തപുരം	– 130
2.	റിപ്രോഗ്രാഫിക് കോംപ്ലക്സ്, തിരുവനന്തപുരം	– 327
3.	ട്രെയിനിംഗ് സെന്റർ, തിരുവനന്തപുരം	– 30
4.	പബ്ലിക്കേഷൻ ഡിവിഷൻ, തിരുവനന്തപുരം	– 17
5.	ആഡിയോ വിഷ്വൽ വിംഗ്, തിരുവനന്തപുരം	– 15
6.	സബ്സെന്റർ, കൊല്ലം	– 47
7.	സബ്സെന്റർ, പത്തനംതിട്ട	– 24
8.	സബ്സെന്റർ, ആലപ്പുഴ	– 35
9.	സബ്സെന്റർ, എറണാകുളം	– 45
10.	സബ്സെന്റർ, കോഴിക്കോട്	– 47
11.	സബ്സെന്റർ, തിരൂർ	– 29
12.	സബ്സെന്റർ, കോട്ടയം	– 62
13.	സബ്സെന്റർ, തൊടുപുഴ	– 57
14.	എക്സ്റ്റൻഷൻ സെന്റർ, അഞ്ചൽ	– 38
15.	എക്സ്റ്റൻഷൻ സെന്റർ, ഈരാറ്റുപേട്ട	– 56
16.	എക്സ്റ്റൻഷൻ സെന്റർ, കടുത്തുരുത്തി	– 30
17.	എക്സ്റ്റൻഷൻ സെന്റർ, വടകര	– 8

(ബി) കഴിഞ്ഞ മൂന്നുമാസത്തിനിടയിൽ സെന്ററിൽ പുതിയതായി ആരെയും നിയമിച്ചിട്ടില്ല.

(സി) പി.എസ്.സി. വഴിയും, ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലും നിയമിക്കപ്പെട്ടവരാരും പ്രസ്തുത സെന്ററിൽ ഇല്ല. എല്ലാ നിയമനങ്ങളും സെന്റർ നേരിട്ടാണ് നടത്തുന്നത്. വിവിധ തസ്തികകളിൽ റഗുലർ/കോൺട്രാക്ട്/ദിവസക്കൂലി വ്യവസ്ഥയിൽ ജോലിചെയ്യുന്നവരുടെ എണ്ണം അനുബന്ധമായി ചേർത്തിരിക്കുന്നു.†

79 (1297) ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ പ്രവർത്തനം

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഓഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിന്റെ പ്രവർത്തനം വിശദമാക്കുമോ;

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly